Australian Government

COVID-19 VACCINATION

# COVID-19 വാക്സിനുകളെ കുറിച്ച് കുട്ടികളോട് എങ്ങനെയാണ് സംസാരിക്കേണ്ടത്

അവസാനമായി അപ്ഡേറ്റ് ചെയ്തത്: 2022 ആഗസ്റ്റ് 8

6 മാസം മുതൽ 4 വയസ്സ് വരെ പ്രായമുള്ള, പ്രതിരോധശേഷി ഗുരുതരമായി കുറഞ്ഞതോ വൈകല്യമുള്ളതോ ആയ ചില കുട്ടികൾക്കും ഗുരുതരമായ COVID-19-നുള്ള സാധ്യത വർദ്ധിപ്പിക്കുന്ന സങ്കീർണ്ണമായ ഒപ്പം/അല്ലെങ്കിൽ ഒന്നിലധികം ആരോഗ്യ അവസ്ഥകളുള്ളവർക്കും വാക്സിനേഷൻ ശുപാർശ ചെയ്യുന്നു. നിങ്ങളുടെ കുട്ടിക്ക് COVID-19 വാക്സിനേഷനുകളെ കുറിച്ച് ജിജ്ഞാസയും ധാരാളം ചോദ്യങ്ങളും ഉണ്ടാകുന്നത് സ്വാഭാവികമാണ്. വാക്സിൻ എടുക്കുന്നതിന് മുമ്പും ശേഷവും കുട്ടികളോട് സംസാരിക്കുന്നതിനുള്ള ചില ടിപ്പുകൾ ഇതാ.

**Department of Health and Aged Care**-ന്റെ വെബ്സൈറ്റിൽ ലഭ്യമായ ഏറ്റവും പുതിയ മെഡിക്കൽ ഉപദേശങ്ങളുമായി അപ്-ടു-ഡേറ്റായി തുടരേണ്ടത് പ്രധാനമാണ്.

COVID-19 വാക്സിനേഷനെ കുറിച്ച് നിങ്ങൾക്ക് എന്തെങ്കിലും ആശങ്കകളോ ചോദ്യങ്ങളോ ഉണ്ടെങ്കിൽ, നിങ്ങളുടെ കുട്ടി വാക്സിനേഷൻ സ്വീകരിക്കുന്നതിന് മുൻപ് നിങ്ങളുടെ ഇമ്മ്യൂണൈസേഷൻ പ്രൊവൈഡറുമായോ അല്ലെങ്കിൽ നിങ്ങളുടെ ഡോക്ടറുമായോ ചർച്ച ചെയ്യാവുന്നതാണ്.

അവരുടെ പ്രതികരണങ്ങൾ ശ്രദ്ധിക്കുകയും വാക്സിനേഷൻ സ്വീകരിക്കുന്നതിനെ കുറിച്ച് അവർക്ക് എന്തെങ്കിലും ഭയമുണ്ടെങ്കിൽ അത് അംഗീകരിക്കുകയും ചെയ്യേണ്ടത് പ്രധാനമാണ്.

- COVID-19 വാക്സിനെ കുറിച്ച് നിങ്ങൾക്ക് ഇതുവരെ അറിയാവുന്ന കാര്യങ്ങൾ എന്നോട് പറയുക.
- നിങ്ങൾ എപ്പോഴെങ്കിലും ഒരു വാക്സിൻ എടുത്തിട്ടുണ്ടോ?

നിങ്ങളുടെ കുട്ടിക്ക് മുമ്പ് വാക്സിൻ എടുത്തിട്ടുണ്ടാകാനും, അത് അത്ര മോശം അനുഭവം അല്ലാതായിരിക്കാനും സാധ്യതയുണ്ട്.

COVID-19 വാക്സിനെ കുറിച്ച് നിങ്ങൾക്കറിയാവുന്ന കാര്യങ്ങൾ സത്യസന്ധമായും പ്രായത്തിന് അനുയോജ്യമായ രീതിയിലും വിശദീകരിക്കുക.

കുട്ടികൾ മുതിർന്നവരിൽ നിന്ന് വൈകാരിക സൂചനകൾ സ്വീകരിക്കുമെന്ന കാര്യം ഓർമ്മിക്കുക, അതിനാൽ അമിതമായ ഭയങ്ങൾ ഗുണകരമായിരിക്കില്ല, മാത്രമല്ല നിങ്ങളുടെ കുട്ടിക്ക് അസ്വസ്ഥത അനുഭവപ്പെടുകയും ചെയ്തേക്കാം.

ഡോക്ടറോ മെഡിക്കൽ പ്രൊഫഷണലോ നിങ്ങളുടെ കുട്ടിയോട് ചില ചോദ്യങ്ങൾ ചോദിക്കുമെന്നും, നിങ്ങളുടെ കുട്ടിക്ക് അവരുടെ കൈയിൽ (അല്ലെങ്കിൽ 6 മാസം മുതൽ 5 വയസ്സിൽ താഴെ പ്രായമുണ്ടെങ്കിൽ കാലിൽ) സൂചി കൊണ്ട് കുത്തേൽക്കുമെന്നും, സൂചി എവിടേക്കാണ് പോകുന്നതെന്നും, അത് പിന്നീട് ചെറുതായി വേദനിച്ചേക്കാം എന്നും

വിശദീകരിക്കുക. സൂചി പ്രവേശിച്ച സ്ഥലത്ത് അൽപ്പം വേദന അനുഭവപ്പെടുമെന്നും, അത് സ്വാഭാവികമാണെന്നും, അതിനർത്ഥം മരുന്ന് പ്രവർത്തിക്കുന്നു എന്നാണെന്നും പറഞ്ഞുകൊണ്ട് നിങ്ങളുടെ കുട്ടിയെ ആശ്വസിപ്പിക്കുക.

നിങ്ങളുടെ കുട്ടിക്ക് വാക്സിനേഷൻ എടുക്കാൻ ഉത്കണ്ഠ ഉള്ളതായി തോന്നുന്നുണ്ടെങ്കിൽ, അവരുടെ വികാരങ്ങൾ കൂടുതൽ നിരീക്ഷിക്കാൻ ശ്രമിക്കുകയോ അല്ലെങ്കിൽ ആവശ്യമെങ്കിൽ നിങ്ങളുടെ ഡോക്ടറിൽ നിന്ന് കൂടുതൽ ഉപദേശം തേടുകയോ ചെയ്യുക.

## നിങ്ങളുടെ കുട്ടിയുടെ ചോദ്യങ്ങൾക്ക് ഉത്തരം നൽകുക

നിങ്ങളുടെ കുട്ടിക്ക് ഉണ്ടാകാനിടയുള്ള ചോദ്യങ്ങൾക്ക് ചില ശിശുസൗഹൃദ പ്രതികരണങ്ങൾ തയ്യാറാക്കിവയ്ക്കുക. ഈ സംഭാഷണത്തിൽ സഹായിച്ചേക്കാവുന്ന ചില പ്രധാന ചോദ്യങ്ങളും ഉത്തരങ്ങളും ഇതാ:

കുട്ടിയുടെ മുത്തശ്ശിമാരെ പരിചരിക്കുക, സ്കൂളിൽ പോകുക, ടീം സ്പോർട്സ് എന്നിവ പോലുള്ള കാര്യങ്ങൾ ചെയ്യുന്നത് തുടരാൻ കഴിയുക പോലുള്ള യഥാർത്ഥ ഉദാഹരണങ്ങൾ സഹായകരമാകുമെന്ന് നിങ്ങൾ കരുതുന്നുണ്ടെങ്കിൽ, അവ ഉപയോഗിക്കുക.

ഓസ്‌ട്രേലിയയിൽ, എല്ലാ മരുന്നുകളും സുരക്ഷിതമാണെന്ന് ഉറപ്പുവരുത്തുന്ന ഏജൻസി അവ സമഗ്രമായി പരിശോധിച്ചു. സുരക്ഷിതമല്ലെങ്കിൽ അവ ആളുകൾക്ക് നൽകില്ല.

നിങ്ങളുടെ കുട്ടി സൂചി ഭയപ്പെടുന്നുണ്ടെങ്കിൽ, ഫലപ്രദമായ തയ്യാറെടുപ്പും ശ്രദ്ധ വ്യതിചലിപ്പിക്കുന്ന മാർഗ്ഗങ്ങളും പ്രധാനമാണ്.

5 വയസ്സും അതിൽ കൂടുതലുമുള്ള കുട്ടികൾക്ക്, ഒരു പ്രാദേശിക ഫാർമസി അല്ലെങ്കിൽ പൊതുവായ പ്രാക്ടീസ് പോലെയുള്ള ഒരു ചെറിയ, കൂടുതൽ പരിചിതമായ സ്ഥലത്ത് പങ്കെടുക്കാൻ ഇത് സഹായിച്ചേക്കാം. വലിയ വാക്സിനേഷൻ സൈറ്റുകൾ ശബ്ദമുഖരിതവും തിരക്കേറിയതും ആയേക്കാം, ഇത് അസ്വസ്ഥത വർദ്ധിപ്പിക്കും.

ഒരു സുഖകരമായ അനുഭവം നൽകുന്നതിനും ശ്രദ്ധ തിരിക്കുന്നതിനും, നിങ്ങളുടെ കുട്ടിയുടെ പ്രിയപ്പെട്ട കളിപ്പാട്ടങ്ങളോ പുസ്തകങ്ങളോ കൊണ്ടുവരിക.

നിങ്ങളുടെ കുട്ടിക്ക് സൂചി ഭയമാണെങ്കിൽ, നിങ്ങളുടെ പ്രൊവൈഡറെ മുൻകൂട്ടി അറിയിക്കുക, അവർക്ക് മതിയായ സമയം നീക്കിവെക്കാനും പ്രക്രിയ തിരക്കില്ലാതെയും നിർബന്ധിതമല്ലാതെയും നിർവഹിക്കാൻ കഴിയുന്നതാണ്.

വാക്സിനെ കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക് നിങ്ങൾക്ക് www.health.gov.au എന്നതിൽ **Department of Health and Aged Care**-ന്റെ വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്.

നിങ്ങൾക്ക് നാഷണൽ കൊറോണ വൈറസ് ആൻഡ് COVID-19 വാക്സിൻ ഹെൽപ്പ് ലൈനിൽ **1800 020 080** എന്ന നമ്പറിൽ വിളിക്കാൻ കഴിയുന്നതാണ്. സൗജന്യ ദ്വിഭാഷി സേവനങ്ങൾക്ക് ഓപ്ഷൻ 8-ൽ അമർത്തുക.

നിങ്ങൾ ബധിരനാണെങ്കിലോ അല്ലെങ്കിൽ ഒരു ശ്രവണ വൈകല്യം ഉണ്ടെങ്കിലോ, **133 677** എന്ന നമ്പറിൽ നാഷണൽ റിലേ സർവീസിൽ നിങ്ങൾക്ക് വിളിക്കാവുന്നതാണ്.